പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 936 14-10-2026-ൽ മറുപടിയ്ക്ക്

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

മറുപടി: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്ക് വേണ്ടി ആകെ 31687.18 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ മുരിയാട് വേളൂക്കര പഞ്ചായത്തുകളിലേക്കും ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റിയിലേക്കുമുള്ള കുടിവെള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്.

പ്രധാന ഘടകങ്ങളും അവയുടെ പുരോഗതിയും:

1.12 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും - ഈ പ്രവർത്തിക്കായി ടെൻഡർ ക്ഷണിച്ചതിൽ കരാർ കമ്പനി 34.84% അധിക തുക ക്വാട്ട് ചെയ്തതിനാൽ ടെൻഡർ അംഗീകാരം ആവശ്യമാണ്.എന്നാൽ 16-08-2024 നു ശേഷം പുതിയ പ്രവർത്തികൾക്ക് വർക്ക് ഓർഡർ നൽകുന്നതിന് നിലവിലെ ജൽ ജീവൻ മിഷൻ ഉത്തരവുകൾ പ്രകാരം സാധ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവർത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

2.18 MLD ശുദ്ധീകരണശാല:- ഈ പ്രവർത്തിക്കായി ടെൻഡർ ക്ഷണിച്ചതിൽ കരാർ കമ്പനി 34.8% അധിക തുക ക്വോട്ട് ചെയ്തതിനാൽ ടെൻഡർ അംഗീകാരം ആവശ്യമാണ്. എന്നാൽ 16-08-2024 നു ശേഷം പുതിയ പ്രവർത്തികൾക്ക് വർക്ക് ഓർഡർ നൽകുന്നതിന് നിലവിലെ ജൽ ജീവൻ മിഷൻ ഉത്തരവുകൾ പ്രകാരം സാധ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവർത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

3.ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ : ഈ പ്രവർത്തിയുടെ ഒരു ഭാഗം കോമൺ ജംഗ്ഷൻ വരെയുള്ളത് 450mm DI, 3200 മീറ്റർ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.ബാക്കിയുള്ള 5277 മീറ്റർ മുരിയാട് ടാങ്കിലേക്കും,5600 മീറ്റർ വേളൂക്കര ടാങ്കിലേക്കും പോകുന്നത്, ടി പ്രവർത്തി ഡിസ്ട്രിബ്യൂഷൻ പ്രവർത്തിയുടെ കൂടെയാണ് ചെയ്തുവരുന്നത്. 3950 മീറ്റർ ദൂരമാണ്

പൂർത്തീകരിക്കാനുള്ളത്. ഇതിന് PWD റോഡുകളുടെ പെർമിഷൻ ലഭിക്കേണ്ടതുള്ളതിനാൽ പൂർത്തീകരിക്കാൻ ആയിട്ടില്ല.

4. റോ വാട്ടർ പമ്പിംഗ് മെയിൻ (600mm DI,5800): കരുവന്നൂർ പമ്പ് ഹൗസ് മുതൽ വെട്ടുകുന്നത്തുകാവ് ക്ഷേത്രം വരെയുള്ള 800 മീറ്റർ ദൂരം തൃശ്ശൂർ-കൊടുങ്ങല്ലൂർ KSTP റോഡിൽ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 5000 മീറ്റർ ദൂരത്തേക്ക് പല തവണ ടെൻഡർ ചെയ്തെങ്കിലും ആരും ടെൻഡർ ക്വാട്ട് ചെയ്തിരുന്നില്ല. നിലവിൽ ഈ പ്രവൃത്തി നിശ്ചയിച്ചിരുന്ന കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ KSTP റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചാൽ പ്രസ്തുത റോഡിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ സാധിക്കുകയില്ല. ആയതിനായി മറ്റൊരു വഴിയിലൂടെ പൈപ്പ് സ്ഥാപിക്കേണ്ടതിനുള്ള അന്തിമ തീരുമാനം എടുത്ത് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡറിനായി വീണ്ടും സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും 16-08-2024 ന ശേഷം പുതിയ പ്രവർത്തികൾക്ക് വർക്ക് ഓർഡർ നൽകുന്നതിന് നിലവിലെ ജൽ ജീവൻമിഷൻ ഉത്തരവുകൾ പ്രകാരം സാധ്യമല്ലാത്തതിനാൽ ടി പ്രവൃത്തി തുടരാൻ ആയിട്ടില്ല.

5. വേളൂക്കര പഞ്ചായത്ത് - വിതരണ ശൃംഖലയും റോഡ് പുനരുദ്ധാരണവും:

നിലവിൽ പ്രസ്തുത പ്രവൃത്തികൾ തുടർന്നു കൊണ്ടിരിക്കുന്നു. പൈപ്പ് ലൈൻ: 210.082 കി.മീറ്ററിൽ 138.59 കി.മീ (67%) പൂർത്തിയായിട്ടുണ്ട്.

6.ഉന്നതതല ജലസംഭരണി - 10 LL OHSR @ കല്ലൻകുന്ന് :

ഈ പ്രവർത്തി നിലവിൽ Column പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ച് ടാങ്ക് ലെവൽ വരെ (47%) പൂർത്തിയായിട്ടുണ്ട്.

7.മുരിയാട് പഞ്ചായത്ത് - ഉന്നതതല ജല സംഭരണി (OHSR) @ വനിതവ്യവസായ കേന്ദ്രം :

ഈ പ്രവർത്തി നിലവിൽ ഫൗണ്ടേഷൻ വരെ മാത്രം പൂർത്തീകരിച്ചിട്ടുണ്ട് (14%). സാമ്പത്തിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി കരാറുകാരൻ ടി പ്രവൃത്തി ഷോർട്ട് ക്ലോസ് ചെയ്യാൻ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത പ്രവർത്തിയുടെ ബാക്കി പ്രവർത്തികൾ പുതിയ വർക്ക് ആയി ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

8.മുരിയാട് പഞ്ചായത്ത് - വിതരണ ശൃംഖലയും റോഡ് പുനരുദ്ധാരണവും:

നിലവിൽ പ്രസ്തുത പ്രവൃത്തികൾ തുടർന്നു കൊണ്ടിരിക്കുന്നു. പൈപ്പ് ലൈൻ: 136.73 കി.മീറ്ററിൽ 118.795 കി.മീ (87%) പൂർത്തിയായി.

പടിയൂർ ഗ്രാമപഞ്ചായത്തിൽ എടത്തിരിത്തിയിൽ 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുള്ളതും ഓഫറുകൾ ലഭ്യമായിട്ടുള്ളതുമാണ്.നിലവിൽ പ്രവൃത്തി ഉത്തരവ് നൽകണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. പ്രവൃത്തി ഉത്തരവ് നൽകിയ 59 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ വഴി

നടപ്പിലാക്കുന്ന പ്രവർത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ഇനിയും എത്ര സമയം എടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

മറുപടി: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജെ.ജെ.എം.പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി കരുവന്നൂർ പുഴയിൽ സ്ഥാപിക്കുന്ന 12 മീറ്റർ വ്യാസമുള്ള കിണറും റോ വാട്ടർ പമ്പിങ് മെയിനും 18 MLD ജലശുദ്ധീകരണ ശാലയുടെയും പ്രവർത്തി ആരംഭിക്കേണ്ടതുണ്ട്.

കിണർ 34.84%, പ്ലാന്റ് 34.8% അധിക തുക ക്വാട്ട് ചെയ്തിരിക്കുന്നതിനാൽ ടെൻഡർ അംഗീകാരം ആവശ്യമാണ്. എന്നാൽ 16-08-2024 നു ശേഷം പുതിയ പ്രവർത്തികൾക്ക് വർക്ക് ഓർഡർ നൽകുന്നതിന് നിലവിലെ ജല ജീവൻ മിഷൻ ഉത്തരവുകൾ പ്രകാരം സാധ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവർത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലെ ആളൂർ ഗ്രാമപഞ്ചായത്തിന് പൂർണ്ണമായും കൊടകര ഗ്രാമപഞ്ചായത്തിന് ഭാഗികമായും കുടിവെള്ളം വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള ജൽ ജീവൻ മിഷൻ ആളൂർ, കൊടകര (പാർട്ട്) എന്ന പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. മേൽ കുടി വെള്ള പദ്ധതി ആകെ 9 പാക്കേജുകളായാണ് നടപ്പാക്കുന്നത്. ഇതിൽ ആളൂർ, കൊടകര ഗ്രാമപഞ്ചായത്തുകളിലെ വിതരണ ശൃംഖല, കണക്ഷൻ നൽകൽ & ജല സംഭരണികളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ ഉൾപ്പെടുന്ന 4 പാക്കേജുകൾ ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഇതിൽ പൊരുന്നകുന്ന് 12 LL ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവർത്തികൾ നടന്നു വരുന്നു. ഉൽപാദന ഘടകങ്ങളായ കിണർ, പമ്പ് ഹൗസ്, 10 MLD ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ 4 പാക്കേജുകളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് നിരവധി തവണ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും കരാറുകാർ ദർഘാസുകളിൽ ഉയർന്ന തുക രേഖപ്പെടുത്തുന്നതിനെ തുടർന്നും മതിയായ ഓഫറുകൾ ലഭ്യമാകാത്തതിനാലും എസ്റ്റിമേറ്റുകൾ റികാസ്റ്റ് ചെയ്യുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ പൊരുന്നകുന്ന് ടാങ്ക് പുനഃരുദ്ധാരണത്തിനുള്ള പ്രവൃത്തിക്കുവേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. ഓഫറുകൾ ലഭ്യമാക്കാത്തതിനാൽ ടെണ്ടർ Extend ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത 5 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും പ്രവർത്തനാനുമതി ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

പടിയൂർ ഗ്രാമപഞ്ചായത്തിൽ എടത്തിരിത്തിയിൽ 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നത തല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുള്ളതും ഓഫറുകൾ ലഭ്യമായിട്ടുള്ളതുമാണ്.നിലവിൽ പ്രവൃത്തി ഉത്തരവ് നൽകണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്.

(സി) നിലവിലെ പദ്ധതിയിലൂടെ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ മറ്റുള്ളവർക്ക് എന്നത്തേക്ക് ഇത് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

മറുപടി: നിലവിൽ ജലശുദ്ധികരണ പദ്ധതികൾ ഡിസൈൻ ചെയ്തിരിക്കുന്നത് ഒരാൾക്ക് പ്രതിദിനം 70 lpcd വെള്ളം എന്ന നിലയിലാണ്. ഈ അളവിൽ വെള്ളം നൽകുന്നതിന് നിലവിൽ സാധിക്കുന്നുണ്ട്. എന്നാൽ ഉപയോഗം വളരെ കൂടുതൽ ആയതിനാൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ജലവിതരണം നടത്തി വരുന്നു. കടാതെ ഇരിങ്ങാലക്കുട മനിസിപ്പാലിറ്റിക്കും, മുരിയാട് വേളൂക്കര ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതിയുടെയും ആളൂർ, കൊടകര (പാർട്ട്) എന്ന പദ്ധതിയുടെയും പൂർത്തീകരണത്തോടെ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി -പഞ്ചായത്ത്തല കുടിവെള്ള കണക്ഷനുകളുടെ വിശദാംശങ്ങൾ

പഞ്ചായത്ത്	ആകെ ഗ്രാമീണ വീടുകൾ	JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ	JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ	നിലവിൽ മൊത്തം കണക്ഷൻ	ഇനി നൽകാനുള്ള കണക്ഷൻ	ഭരണാനുമതി നൽകിയ കണക്ഷൻ	ഭരണാനുമതി തുക (ലക്ഷം)
ആകെ	**47037**	**12529**	**11959**	**24488**	**22549**	**36033**	**31687.18**
ആളൂർ	11460	1960	2010	3970	7490	9500	12429.50
കാറളം	5874	1577	3231	4808	1066	5266	760.00
കാട്ടൂർ	5235	2228	2546	4774	461	3474	569.80
മുരിയാട്	7136	948	637	1585	5551	6188	7075.09
പടിയൂർ	5834	3891	1943	5834	0	1979	923.46
പൂമംഗലം	3568	1772	1542	3314	254	1849	460.00
വേളൂക്കര	7930	153	50	203	7727	7777	9469.33